## പതിനാലാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2577** **12.02.2019-ൽ മറുപടിയ്ക്ക്**

### ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്

**ചോദ്യം**

**ശ്രീ.കെ.ജെ. മാക്സി**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നു;വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് ഭവനരഹിതരായ 15149 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടായിരുന്നു. |
| ബി) | ആയത് നിലവിൽ എത്ര; വ്യക്തമാക്കുമോ; | ബി) | നിലവിൽ 9143 പട്ടികവർഗ്ഗക്കാർ ഭവനരഹിതരായുണ്ട്. |
| സി) | ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാൻ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ഓരോ കുടുംബത്തിനും ശരാശരി എത്ര തുക വീതം നല്കി; വ്യക്തമാക്കുമോ; | സി) | ഈസർക്കാർ അധികാരത്തിൽ വന്ന ശേഷം വീട് നിർമ്മിച്ച് നൽകാൻ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) 20595 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം എന്നിവയ്ക്കായി വകുപ്പ് |

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 206.92 കോടി |
| 2017-18 | 147.34 കോടി |
| 2018-19 (സാമ്പത്തിക വർഷം നാളിതുവരെ) | 123.24 കോടി |
| | **477.50 കോടി രൂപ** |

| | | | |
|---|---|---|---|
| | | | മുഖേന യഥാക്രമം 3.50 ലക്ഷം, 1.50 ലക്ഷം രൂപ ധനസഹായ നിരക്ക് പ്രകാരം തുക അനുവദിച്ചു വരുന്നു. |
| ഡി) | അവശേഷിക്കുന്ന മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | ഡി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**